Opening of a Pathway.

25. [9] SHRI T. T. DANIEL: Will the Minister for Revenue be pleased to state:

(a) Whether there was an order by the Government to open a pathway along S. No. 2296 and 2297 of Thiruvithamcode pakuthy in Kalkulam taluk;

(b) did the Government issue an order to acquire land in the above Survey Numbers under the urgency clause of Land Acquisition Act and did the Government publish the necessary notification in the Government Gazette;

(c) did the Government acquire the above land; and

(d) if not, why not?

Answer.

(a) Yes. As per O. M. LR2-2982/50/RD, dated 3-7-1952, Government sanctioned the acquisition of 4·776 cents of land from S. Nos. 2297, 2296, 2295-A, 2295-B and 2294 of Thiruvitamcode village.

(b) Yes. Government sanctioned the above acquisition under the urgency clause. The declaration under section 6 was published in the Government Gazette as per G. P. D. Dis. No. 2982/50/RD, dated 5-9-1953.

(c) No.

(d) Government after further consideration cancelled the orders contained in O. M. LR2-2982/50/RD, dated 3-7-52, and sanctioned a fresh alignment as per G. P. LR2-2757/53/RD, dated 11-6-1955.

പത്തനംതിട്ട സബ്ട്രഷറി കെട്ടിടം.

* 26. [11] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പത്തനംതിട്ട സബ്ട്രഷറിയുടെ ആവശ്യത്തിനു് ഒരു പുതിയ കെട്ടിടം പണിയണമെന്നു് കാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) സബ്ട്രഷറിയുടെ ആവശ്യത്തിനു ഒരു കെട്ടിടം ഉടനെ പണിയിക്കുന്നതിനു് ഗവണ്മെൻറിനു് ഉദ്ദേശമുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) പത്തനംതിട്ട പോലീസ്സ്റ്റേഷൻ, താലൂക്കുകച്ചേരി, സബ്ട്രഷറി ഈ ആഫീസുകൾ ഇപ്പോൾ ഒരു കെട്ടിടത്തിലാണു് സ്ഥിതി ചെയ്യുന്നതു്. പോലീസ്സ്റ്റേഷൻ ഈ കെട്ടിടത്തിൽനിന്നും മാറി

LIBRARY ARCHIVES Kerala Legislative Assembly

ഷറിക്ക് കൂടുതൽ സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ഗവ ണ്മെൻറ് ഉത്തരവായിട്ടുണ്ട്.

(സി) പോലീസ്സ്റ്റേഷൻ മാറി ഷറിക്ക് സ്ഥലസൗകര്യ മുണ്ടാക്കുന്നതിന് കാലതാമസം വരുമെന്നുള്ളതുകൊണ്ട് താലൂക്കുകച്ചേരി റിക്കാർഡുമുറിയുടേയും സബ്ഷേറിയുടേയും ഇടയ്ക്കുള്ള സ്ഥലത്ത് ഒരു കെട്ടിടം കെട്ടുന്നതിന് റവന്യൂബോർഡ് വേണ്ട നടപടികൾ ചെയ്തു കൊണ്ടിരിക്കുകയാണ്.

ചൂരക്കോട് പബ്ലിക്ക് മാർക്കറ്റിനുള്ള അപേക്ഷ.

* 27. [12] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ പഞ്ചായത്തിൽപ്പെട്ട ചൂരക്കോട് എന്ന സ്ഥലത്ത് ഒരു പബ്ലിക്ക് മാർക്കറ്റ് സ്ഥാപിക്കണമെന്ന പഞ്ചായത്തു തീരുമാനപ്പെട്ടു ത്തുകയും, അതിനനുവദിക്കണമെന്ന അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു; അതിന്മേൽ എന്തു നടപടി എടുത്തു;

(ബി) ചന്ത ഇന്നേവരെ അനുവദിക്കാതിരിക്കുന്നതിനു കാരണമെന്താണു;

(സി) ചന്തയ്ക്ക് അപേക്ഷിച്ചിട്ടുള്ള സ്ഥലവുമായി ഒരു മൈലിനുള്ളിൽ ഏതെങ്കിലും പ്രൈവറ്റ് മാർക്കറ്റുകൾ ഉണ്ടോ; അപേക്ഷിച്ചിട്ടുള്ളതു ഒരു പബ്ലിക്ക് മാർക്കറ്റ് തന്നല്ലേ; ഏതോ ചന്തിച്ചന്ത ലൈസൻസിയുടെ സമ്മർദ്ദംകൊണ്ടാണു ചൂരക്കോട് പബ്ലിക്ക് മാർക്കറ്റ് അനുവദിക്കാതിരിക്കുന്നതു് എന്നൊരാരോപണം പൊതുജനമദ്ധ്യത്തിൽ ഉണ്ടോ;

(ഡി) ചൂരക്കോട് അപേക്ഷിച്ച സ്ഥലത്തു് ഇനിയെങ്കിലും ഒരു പബ്ലിക്ക് മാർക്കറ്റ് അനുവദിച്ചു് പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ചൂരക്കോട് എന്ന സ്ഥലത്തു് ഒരു പബ്ലിക്ക് മാർക്കറ്റ് തുറക്കുന്നതിനു് അടൂർ പഞ്ചായത്തിൽനിന്നും 27-6-1955-ൽ അപേക്ഷിച്ചിട്ടുണ്ട്. അന്വേഷണം നടത്തി നടപടി എടുത്തുകൊണ്ടിരിക്കയാണു്.

(ബി) അംഗീകരിച്ചിട്ടുള്ള ദൂരത്തിനകത്തു് പ്രൈവറ്റ് മാർക്കറ്റുകൾ ഉള്ളതുകൊണ്ടാണു് ചന്ത ഇന്നേവരെ അനുവദിക്കാതിരുന്നിട്ടുള്ളതു്.

(സി) ചന്തയ്ക്ക് അപേക്ഷിച്ചിട്ടുള്ള സ്ഥലത്തിന്റെ ഒരു മൈലിനുള്ളിൽ വേറെ പ്രൈവറ്റ് മാർക്കറ്റുകളില്ല. അപേക്ഷിച്ചിട്ടുള്ളതു് ഒരു പബ്ലിക്ക് മാർക്കറ്റ് തുടങ്ങുവാനാണു്. പൊതുജന മദ്ധ്യത്തിൽ ഏതോ അന്തിച്ചന്ത ലൈസൻസിയുടെ സമ്മർദ്ദംകൊണ്ടാണു് ചൂരക്കോട് പബ്ലിക്ക് മാർക്കറ്റ് അനുവദിക്കാതിരിക്കുന്നതെന്ന ആരോപണം ഉണ്ടോ എന്നറിവില്ല.

(ഡി) അന്വേഷണനടപടികൾക്ക് ശേഷം തീരുമാനിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly